**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1849** **08-10-2021 - ൽ മറുപടിയ്ക്ക്**

**മൃഗസംരക്ഷണ ക്ഷീരവികസന മേഖലയിൽ വൈവിധ്യവൽക്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | മൃഗസംരക്ഷണ രംഗത്തും ക്ഷീരവികസന മേഖലയിലും വൈവിധ്യവൽക്കരണവും ആധുനികവൽക്കരണവും സ്വയംപര്യാപ്തതയും ലക്ഷ്യമിട്ട് നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെ എന്ന് ഇനം തിരിച്ച് വിശദമാക്കാമോ; | (എ) | മൃഗസംരക്ഷണ വകുപ്പിന്റെ പദ്ധതികൾ 1. കന്നുകുട്ടി പരിപാലന പദ്ധതി- ഗോവർദ്ധിനി പദ്ധതി - പശുക്കുട്ടികൾക്ക് സബ്സിഡി നിരക്കിൽ തീറ്റ, ഇൻഷുറൻസ് പരിരക്ഷ എന്നിവ ഉൾപ്പെടെ നൽകുന്ന പദ്ധതികൾ. 2. ഇന്ററസ്റ്റ് സബ്‌വെൻഷൻ സ്കീം മൃഗസംരക്ഷണാവശ്യങ്ങൾക്കായി കർഷകർ എടുത്തിട്ടുള്ള ലോണുകൾക്കുള്ള പലിശ സബ്സിഡി പദ്ധതി. മൃഗസംരക്ഷണ മേഖലയിൽ കർഷകർ എടുക്കുന്ന ലോണുകൾ ദീർഘകാല ലോണുകളായാണ് ബാങ്കുകൾ പരിഗണിക്കുന്നത്. ഇത്തരം ലോണുകൾക്ക് പലിശയിനത്തിൽ 5000/- രൂപ വരെ പരിധി നിശ്ചയിച്ച് സബ്സിഡി നൽകുന്ന സ്കീമാണിത്. 3. സമഗ്ര കന്നുകാലി ഇൻഷുറൻസ് പദ്ധതി (ഗോസമൃദ്ധി) സംസ്ഥാന സർക്കാരിന്റെ സമഗ്ര കന്നുകാലി ഇൻഷുറൻസ് പദ്ധതിയായ ഗോസമൃദ്ധി, കന്നുകാലികളുടെ മരണം മൂലവും ഉൽപാദന ശേഷി നഷ്ടപ്പെടുന്നത് മൂലവും കർഷകനുണ്ടാകുന്ന നഷ്ടം പരിഹരിച്ച് അവരെ മൃഗസംരക്ഷണ മേഖലയിൽ തന്നെ നിലനിറുത്തുന്നതിന് ലക്ഷ്യമിട്ട് വിഭാവനം ചെയ്തിരിക്കുന്നു. 4. ശാസ്ത്രീയമായ മാലിന്യ സംസ്കരണ സംവിധാനം സ്ഥാപിക്കൽ പദ്ധതി ചാണകത്തിൽ നിന്ന് ജൈവ വളം നിർമ്മിച്ച് ശാസ്ത്രീയമായ മാലിന്യ സംസ്കരണ സംവിധാനം സ്ഥാപിക്കുന്നതിന് തെരഞ്ഞെടുത്ത ഓരോ ഗുണഭോക്താവിനും 12,500 രൂപയുടെ സഹായം ലഭിക്കും. 5. കർഷക പരിശീലന പരിപാടികൾ സംരഭകത്വ വികസന പരിപാടികൾ ഉൾപ്പെടെയുള്ള പരിശീലന പരിപാടികളാണ് വകുപ്പിന് കീഴിൽ സംഘടിപ്പിക്കുന്നത്. മൃഗ സംരക്ഷണ വകുപ്പിന് കീഴിലുള്ള LMTC കൾ വഴി പശു വളർത്തൽ ആദായകരമാക്കുന്നതിനുള്ള പരിശീലന പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. 6. വെറ്ററിനറി സേവനം മൃഗചികിൽസ, |

രോഗനിർണ്ണയം, രോഗനിരീക്ഷണം, രോഗ പ്രതിരോധ പ്രവർത്തനങ്ങൾ എന്നിവ മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള മൃഗാശുപത്രികൾ വഴി ചെയ്തുവരുന്നു. 7. ക്രോസ് ബ്രീഡിംഗ് കൃത്രിമ ബീജ സങ്കലനം വഴി നിലവിലുള്ള കന്നുകാലി ശേഖരത്തിന്റെ ഗുണ മേന്മ ക്രമമായി ഉയർത്തുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. കൃത്രിമ ബീജ സങ്കലനസൗകര്യങ്ങൾ ലഭ്യമല്ലാത്ത വിദൂര സ്ഥലങ്ങളിലേയ്ക്ക് ഇത്തരം സൗകര്യങ്ങൾ വ്യാപിപ്പിക്കുന്നതിന് മുൻഗണന നൽകുന്നു. മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിന്റെ ഭാഗമായി പ്രവർത്തനം കുറവായ എ ഐ കേന്ദ്രങ്ങൾ ഇത്തരം കേന്ദ്രങ്ങൾ ഇല്ലാത്ത സ്ഥലങ്ങളിലേയ്ക്ക് പുനക്രമീകരിക്കുന്നതാണ്. 8. കറവയന്ത്രം വിതരണം ചെയ്യുന്ന പദ്ധതി ക്ഷീര കർഷകർ അഭിമുഖീകരിക്കുന്ന മുഖ്യ പ്രശ്നമായ കറവക്കാരുടെ ക്ഷാമം പരിഹരിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പ് മുഖേന കറവയന്ത്രം സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു. ഒരു ഗുണഭോക്താവിന് 25,000/ രൂപധനസഹായം നൽകുന്നു. ക്ഷീരവികസന വകുപ്പിന്റെ പദ്ധതികൾ മൃഗസംരക്ഷണ രംഗത്തും ക്ഷീരവികസന മേഖലയിലും വൈവിധ്യവൽക്കരണവും ആധുനികവൽക്കരണവും സ്വയംപര്യാപ്തതയും ലക്ഷ്യമിട്ട് വിവിധങ്ങളായ പദ്ധതികളാണ് ക്ഷീരവികസന വകുപ്പ് നടപ്പിലാക്കി വരുന്നത്. മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതിയിൽ സർക്കാർ സബ്സിഡിയോടെ ഉരുക്കളെ വാങ്ങി നൽകുന്ന പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗോധനം (സങ്കരയിനം), ഗോധനം (തനത് ഇനം), രണ്ട് പശു യൂണിറ്റ്, അഞ്ച് പശു യൂണിറ്റ്, പത്ത് പശു യൂണിറ്റ്, കോമ്പോസിറ്റ് ഡയറി യൂണിറ്റ് (1 പശു + 1 കിടാരി), കോമ്പോസിറ്റ് ഡയറി യൂണിറ്റ് (3 പശു + 2 കിടാരി), കോമ്പോസിറ്റ് ഡയറി യൂണിറ്റ് (6 പശു + 4 കിടാരി), കിടാരി പാർക്ക്, ക്ഷീര ഗ്രാമം, ആധുനികവൽക്കരണം ലക്ഷ്യമിട്ടുകൊണ്ട് കാലിത്തൊഴുത്ത് നിർമ്മാണം/നവീകരണം, ആവശ്യാധിഷ്ഠിത ധനസഹായം തുടങ്ങിയ പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കി വരുന്നത്. കൂടാതെ, വിവിധങ്ങളായ തീറ്റപ്പുൽകൃഷി പദ്ധതികളും വകുപ്പ് നടപ്പിലാക്കുന്നുണ്ട്. ക്ഷീര സംഘങ്ങൾക്ക് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനുമായി വിവിധ ആവശ്യങ്ങൾക്കായുള്ള ധനസഹായ പദ്ധതികൾ നിലവിലുണ്ട്. കേരളത്തിലെ 14 ജില്ലാ ക്വാളിറ്റി കൺട്രോൾ ലാബുകൾക്കും 3 അതിർത്തി ചെക്ക്പോസ്റ്റുകൾക്കും അടിസ്ഥാന സൗകര്യ

| | | | |
|---|---|---|---|
| | | | വികസനത്തിനും പ്രവർത്തനങ്ങൾക്കുമായും പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| (ബി) | ഈ സർക്കാരിന്റെ 100 ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി എത്ര പദ്ധതികളാണ് ഈ വകുപ്പുകൾ ആരംഭിക്കാൻ ലക്ഷ്യമിട്ടത്; എന്തൊക്കെ നടപ്പാക്കാൻ കഴിഞ്ഞു; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | മൃഗസംരക്ഷണ വകുപ്പ് സർക്കാരിന്റെ 100 ദിന കർമ്മപരിപാടിയുമായി ബന്ധപ്പെട്ട് മൃഗസംരക്ഷണ വകുപ്പ് ലക്ഷ്യമിട്ട പദ്ധതികൾ എല്ലാം പൂർത്തീകരിച്ചു. കൂടാതെ കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിൽ ആധുനിക രീതിയിലുള്ള രണ്ട് ഹൈടെക് ട്രെയിനിംഗ് ഹോസ്റ്റലുകൾ, ഓഫീസ് കോൺഫറൻസ് ഹാൾ, ട്രെയിനികൾക്ക് വിശ്രമ സങ്കേതം, കമ്പ്യൂട്ടർ ഹാൾ എന്നീ ആവശ്യങ്ങൾക്കാണ് ഇത് നടപ്പിലാക്കുന്നത്. മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. ക്ഷീരവികസന വകുപ്പ് ഈ സർക്കാരിന്റെ 100 ദിന കർമ്മപരിപാടിയിൽ ക്ഷീരവികസന വകുപ്പിന്റെ 'കേരള സ്റ്റേറ്റ് ഡയറി മാനേജ്മെന്റ് ഇൻഫർമേഷൻഷൻ സെന്റർ' എന്ന പദ്ധതിയാണ് ഉൾപ്പെടുത്തിയിരുന്നത്. ഈ പദ്ധതി സെപ്റ്റംബർ 8-ാം തീയതി 2021 ന് ഉദ്ഘാടനം ചെയ്തു പ്രവർത്തനം ആരംഭിച്ചു. വകുപ്പിന്റെ വ്യത്യസ്തങ്ങളായ പദ്ധതികളിൻമേലുള്ള വിഭവസമാഹരണം, വിവര ശേഖരണം സംയോജനം ലഭിച്ച വിവരങ്ങളിൻമേലുള്ള സ്വയം പ്രവർത്തിത ക്രമീകരണം /ഏകീകരണം എന്നിവ ഏകോപിപ്പിച്ച് സമഗ്രവും സ്ഥായിയുമായ ക്ഷീരവികസനമാണ് ഈ സംരംഭം ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ.നം | ജില്ല | പ്രവർത്തനം |
|---|---|---|
| 1 | തിരുവനന്തപുരം | 1. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ ആധുനിക രീതിയിലുള്ള രണ്ട് ഹൈടെക് ട്രെയിനിംഗ് ഹോസ്റ്റലുകൾ, ഓഫീസ് കോൺഫറൻസ് ഹാൾ, ട്രെയിനികൾക്ക് വിശ്രമ സങ്കേതം, കമ്പ്യൂട്ടർ ഹാൾ എന്നീ ആവശ്യങ്ങൾക്കാണ് ഇത് നടപ്പിലാക്കുന്നത്.<br><br>2. വിതുര ജഴ്സി ഫാമിൽ 1 കോടി രൂപയുടെ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയ്ക്ക് തുടക്കം കുറിച്ചു. |
| 2 | എറണാകുളം | റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി മൊബൈൽ ടെലി വെറ്ററിനറി യൂണിറ്റ് എറണാകുളം, കണ്ണൂർ ജില്ലകളിൽ പ്രവർത്തനം ആരംഭിച്ചു. |
| 3 | തൃശ്ശൂർ | പിഗ് ബ്രീഡിംഗ് യൂണിറ്റ് കുന്നംകുളം, വകുപ്പ് വിഹിതം 23.5 ലക്ഷം രൂപ, ജില്ലാ പഞ്ചായത്ത് വിഹിതം 42.5 ലക്ഷം രൂപ |
| 4 | മലപ്പുറം | ഈശ്വരമംഗലം വെറ്ററിനറി പോളിക്ലിനിക്കിന്റെ തറക്കല്ലിടൽ ചടങ്ങ് നടന്നു. |
| 5 | പാലക്കാട് | പറശിയ്ക്കൽ പ്രീഫാബ് ചെക്ക് പോസ്റ്റ് വകുപ്പ് വിഹിതം 12 ലക്ഷം രൂപ |
| 6 | കണ്ണൂർ | 1. ഇരിട്ടി പ്രീഫാബ് ചെക്ക് പോസ്റ്റ്, 10 ലക്ഷം രൂപ<br>2. പ്രാദേശിക കോഴിവളർത്തൽ കേന്ദ്രം മുണ്ടയാട്, വകുപ്പ് വിഹിതം 68.1ലക്ഷം രൂപ |

സെക്ഷൻ ഓഫീസർ